# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3153
## 24.02.2016-ൽ തീയതിയിലെ മറുപടിയ്ക്ക്

## ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. എം. ഷാജി** | **ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
| (എ) ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അനുവദിച്ചുകിട്ടിയ ജീവനക്കാർക്ക് പ്രസ്തുത തുക കൊണ്ട് വീട് പണി പൂർത്തിയാക്കാൻ കഴിയാതെ വരുന്നതും ആധാരം ഗവൺമെന്റിലേയ്ക്ക് രജിസ്റ്റർ ചെയ്യപ്പെടുന്നതിനാൽ മറ്റ് ലോണുകളൊന്നും ലഭ്യമാവാത്ത സ്ഥിതി നിലനിൽക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇല്ല |
| (ബി) എച്ച്. ബി.എ. അനുവദിച്ചു കിട്ടുന്നതിന് സർക്കാരിലേക്ക് രജിസ്റ്റർ ചെയ്തു നല്കിയ ആധാരങ്ങൾ വെച്ച് വസ്തുവിന്റെ വാല്യു അടിസ്ഥാനത്തിൽ മറ്റു ലോണുകൾ (ഹൗസിംഗ്) എടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിച്ച് നടപടിയെടുക്കുമോ? | 31.07.1991-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ: 436/91/ധന, 22.07.1999-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ: 1610/99/ധന, 11.02.2008-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ: 76/08/ധന, 18.02.2013-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ: 87/2013/ധന എന്നീ ഉത്തരവുകൾക്ക് വിധേയമായി സർക്കാരിലേക്ക് രജിസ്റ്റർ ചെയ്തു നല്കിയ ആധാരങ്ങൾ വെച്ച് അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി വരെ (പരമാവധി 25 ലക്ഷം രൂപ) സെക്കന്റ് മോർട്ട്ഗേജായി അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹൗസിംഗ് ലോണുകൾ എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ